## FIRST MOCK EXAMINATION – JANUARY 2018

**Roll No.** | | | | | | | |

**Series XXX / 5** **Code No. 012 / 1 / 1**

- Please check that this question paper contains 5 printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains 17 questions.
- Please write down the serial number of the question before attempting it.

**Malayalam (SL)**

Class : X Time allowed : 3 hrs

Date : 16/01/2018 Max. Marks : 80

എ വിഭാഗം - 10

ബി വിഭാഗം - 16

സി വിഭാഗം - 17

ഡി വിഭാഗം - 37

## എ–വിഭാഗം (വായന)

1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 10

വികാരം , വിജ്ഞാനം എന്നിവയുടെ കൂടെ നിൽക്കേണ്ടതാണ് വിചാരം . ചിന്താശീലവും യുക്തികുശലതയും പ്രാസംഗികരിൽ ഒഴിച്ചുകൂടാനാകാത്ത ഗുണങ്ങളാണ് . സംസാരിക്കുന്നതിനുമുൻപ് എന്തിനെക്കുറിച്ച് എങ്ങനെയാണ് താൻ സംസാരിക്കാൻ പോകുന്നതെന്നും , സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ എന്താണ് താൻ പറയുന്നതെന്നും സംസാരിച്ചു കഴിഞ്ഞാൽ എന്തൊക്കെയാണ് താൻ പറഞ്ഞതെന്നും വ്യക്തമായ ബോധം പ്രാസംഗികനുണ്ടായിരിക്കണമെന്ന് ചിലർ ഉപദേശിക്കാറുണ്ട് . പ്രസംഗത്തിൽ വിചാരശീലത്തിൻെറ പ്രധാന്യത്തെ ഊന്നിപ്പറയുകയാണ് അവർ . പക്ഷേ , ജനലക്ഷങ്ങളുടെ ഹൃദയത്തിൽ മിന്നൽ പായിച്ചുകൊണ്ട് വികാരപരകോടിയിലെത്തുന്ന

പ്രസംഗങ്ങൾക്ക് ഈ നിയമം ബാധകമല്ല . സാധാരണ പ്രഭാഷണങ്ങളിൽ വിചാരത്തിനും യുക്തിബോധത്തിനും മാന്യമായ സ്ഥാനമുണ്ട് .

1.പ്രാസംഗികർക്ക് വ്യക്തമായ ബോധം ഉണ്ടാകേണ്ടത് എന്തിനെക്കുറിച്ചാണ് ?

2.വിചാരശീലം പ്രധാനമാണെന്ന നിയമം ബാധകമല്ലാത്തത് എന്തിനാണ് ?

3.പ്രാസംഗികരിൽ ഉണ്ടായിരിക്കേണ്ട പ്രധാനഗുണങ്ങൾ ഏവ ?

4.സാധാരണ പ്രഭാഷണങ്ങളിൽ എന്തിനെല്ലാമാണ് മാന്യമായ സ്ഥാനമുള്ളത് ?

5.എന്തിൻെറയൊക്കെ കൂടെ നിൽക്കേണ്ടതാണ് വിചാരം ?

## ബി – വിഭാഗം (രചന)

2.ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് നിങ്ങളുടെ വിദ്യാലയത്തിൽ സംഘടിപ്പിക്കുന്നസാംസ്കാരിക പരിപാടിയിലേയ്ക്ക് മുഖ്യമന്ത്രിയെ ക്ഷണിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക. 8

3. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക . 8

വനനശീകരണവും പ്രത്യാഘാതങ്ങളും

അല്ലെങ്കിൽ

ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ

## സി –വിഭാഗം (വ്യാകരണം)

4.പര്യായപദങ്ങൾ എഴുതുക 2

1. മാളിക

(നിദാനം , പ്രാസാദം , രസാലം , സൗധം )

2.മൊഴി

(വാണി , മരന്ദം , ഉദരം , വചസ്സ് )

5.വിപരീതപദം എഴുതുക 1

1. ക്ഷന്തവ്യം

(ക്ഷാമം , ക്ഷയം , അക്ഷയം , അക്ഷന്തവ്യം )

6.നാനാർഥമെഴുതുക 2

1. ബിന്ദു

(തുള്ളി , ധനം , പൂർണ്ണവിരാമം , പാദം )

2.പ്രമാണം

( ആധാരം , മനോഹരം , പ്രയാസം , അളവ് )

7.അർത്ഥവ്യത്യാസം എഴുതുക 1

1. ചേല - ചോല

8. എതിർലിംഗം എഴുതുക 1

സന്തുഷ്ട

9.പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക 3

1.ചിരമഹോ

2.പൊതിച്ചോറ്

3.മടങ്ങിയിരുന്നു

10. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക 3

1.മന്ത്രതന്ത്രങ്ങൾ

2.മാതൃഹൃദയം

3.സാരോപദേശം

11. അംഗാംഗിവാക്യങ്ങൾ വേർതിരിച്ചെഴുതുക 1

പാഴുതറയുടെ നെടുവരമ്പ് കടന്നാൽ വെള്ളായിയപ്പന് ലോകം മുഴുവൻ അപരിചിതമാണ്

12.അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കുക 1

എനിക്ക് ആ വൃദ്ധയുടെ പരിതസ്ഥിതിയിൽ വലിയ സഹതാപം തോന്നി .

13. പ്രയോഗം മാറ്റുക 1

ചങ്ങാതിമാർ എന്നെ കളിയാക്കി.

14. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 1

പാറവുകാരൻെറ മുഖം പെട്ടെന്ന് പൊടുന്നനെ കനിവുറ്റതായി .

## ഡി- വിഭാഗം (സാഹിത്യം )

15. ബ്രായ്ക്കററിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക. 5

1.ധർമ്മക്ഷയത്തിനു കാരണമായിത്തീരുന്നതെന്ത് ?

(അവിദ്യ , സ്വപ്നം , ക്രോധം , മോഹം )

2 .ഗുരുസാഗരം ആരുടെ കൃതിയാണ് ?

(ബഷീർ , ഒ.വി.വിജയൻ , തകഴി , എ.പി . ഉദയഭാനു )

3. സംഗീതാത്മകമായ ഭാവഗീതശൈലിയിൽ നവകാൽപ്പനികതയ്ക്ക് പ്രചാരം നൽകിയ കവിയാര്?

(എഴുത്തച്ഛൻ , കുമാരനാശാൻ , വി.മധുസൂദനൻ നായർ ,റഫീക്ക് അഹമ്മദ് )

4.പുറത്തേയ്ക്ക് അശാന്തനായി കാറ്റുകൊള്ളാനിറങ്ങിയതാര് ?

( അമ്മ , ഭാര്യ , കവി , ഈശ്വരൻ )

5.'കാലത്തെ ആർക്കും കവച്ചുകടക്കരുതല്ലോ ' ആരുടെതാണീ വാക്കുകൾ ?

(കർണ്ണൻ , ദുര്യോധനൻ , ദ്രോണർ , ഭീഷ്മർ )

6. 'മാമ്പഴ'ത്തിലൂടെ ഉൽക്കടമായ വേദനയുടെ മാധുര്യം പകർന്നു തന്ന കവിയാര് ?

(വൈലോപ്പിള്ളി , കാളിദാസൻ , ചങ്ങമ്പുഴ , ഒ. എൻ. വി. എുരുപ്പ് )

7. വയലാറിൻെറ യാത്രാവിവരണ ഗ്രന്ഥം ഏത് ?

(സർഗസംഗീതം , കൊന്തയും പൂണൂലും , പുരുഷാന്തരങ്ങളിലൂടെ , ആയിഷ )

8. ലിംബാളെ കാണിച്ച സത്യസന്ധതയുണ്ടല്ലോ. അത് ഈ ക്ലാസിൻെറ മുഴുവൻ വിജയമാണ് . ആരുടെതാണീ വാക്കുകൾ ?

(ശാന്താ ആത്യാ , പിർജാദെ , ഹീരെ മറ് , കുമാർ മാമ )

9. വെയിൽസ് രാജകുമാരനിൽ നിന്നും പട്ടും വളയും ലഭിച്ച കവിയാര് ?

( കുമാരനാശാൻ , ലളിതാംബിക അന്തർജനം , വള്ളത്തോൾ , ഉള്ളൂർ )

10.‘ കാപ്പിരികളുടെ നാട്ടിൽ ’ ഏതുതരം കൃതിയാണ് ?

( നോവൽ , ചെറുകഥ , യാത്രാവിവരണം , കവിത )

16. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക 24

1. അമ്മയുടെ എഴുത്തുകളിൽ നിന്ന് കവിക്ക് പകർന്നു കിട്ടിയ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു .?

2. മാവിനോടുള്ള സ്നേഹം നാട്ടിൽപുറത്തെ കുട്ടികൾക്കു മാത്രമല്ല കവികൾക്കും ഉണ്ടെന്ന് ലേഖകൻ എങ്ങനെയാണ് തെളിയിച്ചത് ?

3. ‘വായനക്കാരനും എഴുത്തുകാരനും ഒറ്റപ്പെട്ടു നിൽക്കേണ്ടവരല്ല . അവർ ഒരുമിച്ചു നിൽക്കുമ്പോഴാണ് മഹത്തായ സൃഷ്ടികൾ ഉണ്ടാകുന്നത് ’? വിശദീകരിക്കുക

4.പ്രകൃതിയുടെ സജീവസാന്നിധ്യം കടൽത്തീരത്ത് എന്ന കഥയ്ക്ക് ജീവൻ പകരുന്നു വിശകലനം ചെയ്യുക ?

5‘ അന്നത്തെ സൂചിപ്രയോഗത്തിൻനീറ്റൽ പോലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ് ’ ഇത് എന്റെ ഓർമ്മയാണ് . ഇത്തരത്തിലുള്ള ഓർമ്മകൾക്ക് ഈ കവിതയിൽ സവിശേഷമായ പ്രാധാന്യമുണ്ട്. സമർത്ഥിക്കുക?

6. ‘പാന്ഥർ പെരുവഴിയമ്പലം തന്നിലേ

താന്തരായ് കൂടിവിയോഗം വരുമ്പോലെ

നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം’.

ഈ വരികളിലെ സാദൃശ്യകല്പനകളുടെ സവിശേഷതകൾ വിവരിക്കുക ?

17 ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക . 8

1.ചട്ടമ്പിസ്വാമികളുടെ അഹിംസാ നിർവ്വചനത്തെക്കുറിച്ച് വിശദമാക്കുക ?

2.ചട്ടമ്പിസ്വാമികളുടെ വിവേകാനന്ദനുമായുള്ള സമാഗമം വിവരിക്കുക ?

3. ചട്ടമ്പിസ്വാമികളുടെ ജീവിതം നമുക്ക് നൽകുന്ന സന്ദേശമെന്ത് ?

-----------------------------------------------------